ക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുമായി കൂടിയാലോചിച്ച് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

ജനന - മരണ സർട്ടിഫിക്കറ്റ്

107 (4730) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-2000 മുതൽ ജനന-മരണ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ഫീസ് സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ നഗരസഭകളിൽ എപ്പോഴാണ് ഇത് നടപ്പിലാക്കിയത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിശ്ചിത സമയ പരിധിക്കുള്ളിൽ ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഒടുക്കേണ്ടതില്ല.

(ബി) ഫീസ് വർദ്ധനവ് നടപ്പിലാക്കിയിട്ടില്ല.

ആശ്രയ പദ്ധതി

108 (4731) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രയ പദ്ധതിയിലൂടെ എത്ര പേർക്ക് സഹായം നൽകാൻ ഈ ഗവൺമെന്റിന്റെ കാലത്ത് സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്നു മുതലാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) 2006 മേയ് 17 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര മുനിസിപ്പാലിറ്റികളിലും എത്ര പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുകയുണ്ടായി ;

(ഡി) 2006 മേയ് 17 മുതൽ 2010 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തൊട്ടാകെ എത്ര മുനിസിപ്പാലിറ്റികളിലും എത്ര പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഇ) 2006 മെയ് മുതൽ 2010 മാർച്ച് വരെയുള്ള ഓരോ വർഷവും ഈ പദ്ധതിയുടെ നടത്തിപ്പിലേക്ക് എത്ര തുക വീതം അനുവദിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആശ്രയ പദ്ധതിയിലൂടെ 2006-07 സാമ്പത്തിക വർഷം മുതൽ 2010 മേയ് 10 വരെ 22,467 പേർക്ക് ധനസഹായം നൽകുവാൻ സാധിച്ചിട്ടുണ്ട്.

(ബി) 2003 മുതൽ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(സി) 2003 മാർച്ച് മുതൽ 2006 മേയ് വരെ സംസ്ഥാനത്ത് 17 നഗര സഭകളിലും 615 പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാൻ അംഗീകാരം നൽകിയിരുന്നു. 2005-2006 വർഷം 261 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നടപ്പാക്കാൻ അനുമതി നൽകിയിരുന്നുവെങ്കിലും 95 പ്രോജക്ടുകൾ മാത്രമാണ് കുടുംബശ്രീയ്ക്ക് ലഭിച്ചത്. അവശേഷിച്ച 166 പ്രോജക്ടുകളും തയ്യാറാക്കി നിർവ്വഹണം ആരംഭിച്ചത് 2006-07 ലാണ്.

(ഡി) 2006 മേയ് മുതൽ 2010 മാർച്ച് വരെ സംസ്ഥാനത്ത് 13 നഗര സഭകളിലും 249 പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഇ)

വർഷം	ലഭ്യമായ തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	3500.00	353.02
2007- 08	500.00	413.19
2008- 09	20.00	1396.49
2009-10	—	2414.86

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിച്ച ക്ഷേമ പെൻഷനുകൾ

109 (4732) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ ക്ഷേമ പെൻഷനുകൾക്കായി എത്ര തുക അനുവദിച്ചെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചെന്നും, പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ 2006-07, 2007-08, 2008-09, 2009-10 എന്നീ സാമ്പത്തിക വർഷങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

വിശദവിവരം അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly